**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4775** **02-07-2024 - ൽ മറുപടിയ്ക്ക്**

**അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര മത്സ്യബന്ധന തൊഴിലാളികളാണ് കടലിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ളതും കാണാതായിട്ടുള്ളതുമെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കടലിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ളതും കാണാതായതുമായ മത്സ്യബന്ധന തൊഴിലാളികളുടെ വിവരങ്ങൾ അനുബന്ധം- 1 ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര മത്സ്യബന്ധനയാനങ്ങളാണ് അപകടത്തിൽപ്പെട്ടതെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | 2016 മുതൽ 2024 വരെയുള്ള കാലയളവിൽ അപകടത്തിൽപ്പെട്ട മത്സ്യബന്ധന യാനങ്ങളുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം തരത്തിലുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഇനി എന്തെല്ലാം നഷ്ടപരിഹാരം എത്ര പേർക്ക് നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കടലിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ളതും കാണാതായതുമായ മത്സ്യബന്ധന തൊഴിലാളികളുടെ ആശ്രിതർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.<br><br>മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടതും, കാണാതായതുമായ 19 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കു കൂടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം നൽകാനുണ്ട്.<br><br>2017 ലെ ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട 485 പേർക്ക് 2018-19 കാലഘട്ടത്തിൽ 7.38 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br>മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെട്ടതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) ൽ നിന്നും 17,95,2,608/- രൂപയും സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF) ൽ നിന്നും 2,22,83,136/- രൂപയും ഇൻഷ്വറൻസ് ക്ലൈമായി 63,06,926/- രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു.<br><br>ഇനി CMDRF മുഖേന 249 പേർക്കും SDRF മുഖേന 68 പേർക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 24 പേർക്ക് ഇൻഷുറൻസ് ക്ലെയിം ലഭ്യമാക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| വർഷം | കടലിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം | കടലിൽ അപകടത്തിൽപ്പെട്ട് കാണാതായ മത്സ്യത്തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 2016 | 28 | 0 |
| 2017 | 80 | 97 |
| 2018 | 44 | 1 |
| 2019 | 37 | 2 |
| 2020 | 36 | 2 |
| 2021 | 24 | 3 |
| 2022 | 44 | 4 |
| 2023 | 40 | 0 |
| 2024 | 10 | 1 |
| **ആകെ** | **343** | **110** |

## അനുബന്ധം -2

| ജില്ല | അപകടത്തിൽപ്പെട്ട മത്സ്യബന്ധന യാനങ്ങളുടെ എണ്ണം-വർഷാടിസ്ഥാനത്തിൽ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 |
| തിരുവനന്തപുരം | 44 | 75 | 52 | 35 | 28 | 37 | 26 | 18 | 5 |
| കൊല്ലം | 17 | 184 | 81 | 24 | 4 | 37 | 0 | 1 | 1 |
| ആലപ്പുഴ | 25 | 41 | 6 | 7 | 52 | 10 | 36 | 7 | 13 |
| എറണാകുളം | 44 | 79 | 40 | 37 | 36 | 44 | 55 | 44 | 10 |
| മലപ്പുറം | 5 | 13 | 11 | 24 | 18 | 13 | 17 | 12 | 12 |
| തൃശ്ശൂർ | 17 | 0 | 13 | 28 | 27 | 30 | 0 | 2 | 1 |
| കോഴിക്കോട് | 17 | 21 | 81 | 22 | 37 | 28 | 8 | 19 | 7 |
| കണ്ണൂർ | 2 | 12 | 1 | 0 | 23 | 8 | 1 | 1 | 1 |
| കാസർഗോഡ് | 9 | 7 | 9 | 5 | 2 | 8 | 4 | 0 | 2 |

## അനുബന്ധം-3

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസിൽ അനുവദിച്ച തുക

| വർഷം | അനുവദിച്ച തുക ( രൂപ) |
|---|---|
| 2016 | 1,41,02,000/- |
| 2017 | 15,85,10,000/- |
| 2018 | 4,20,10,000/- |
| 2019 | 3,41,12,500/- |
| 2020 | 3,30,25,000/- |
| 2021 | 2,60,04,500/- |
| 2022 | 4,10,13,800/- |
| 2023 | 3,40,07,500/- |
| 2024 | ക്ലെയിമുകൾ ഇൻഷ്വറൻസ് കമ്പനിയുടെ പരിഗണനയിലാണ്. അടിയന്തര ധനസഹായമായി 30,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| **ആകെ** | **38,27,85,300/-** |

<u>അനുബന്ധം -4</u>

| വർഷം | CMDRF വഴി അനുവദിച്ച തുക (രൂപ) | SDRF വഴി അനുവദിച്ച തുക (രൂപ) | സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷുറൻസ് ക്ലെയിം അനുവദിച്ചത് (രൂപ) |
|---|---|---|---|
| **2016-17** | 25,00,000/- | 28,00,836/- | - |
| **2017-18** | 53,42,126/- | 63,57,100/- | - |
| **2018-19** | 8,24,19,012 | 52,76,400/- | 85,000/- |
| **2019-20** | 2,61,27,574/- | 39,60,100/- | 1,20,000/- |
| **2020-21** | 4,57,83,757/- | 34,08,000/- | 9,97,542/- |
| **2021-22** | 1,70,94,139/- | 1,12,200/- | 1,70,360/- |
| **2022-23** | 2,60,000/- | - | 3,28,521/- |
| **2023-24** | - | 3,64,400/- | 21,06,641/- |
| **2024-25** | - | 4,100/- | 24,98,862/- |
| | **17,95,26,608/-** | **2,22,83,136/-** | **63,06,926/-** |